വൈദ്യുതി ചാർജ്ജ് വർദ്ധന

72 (439) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ്ജും സർചാർജ്ജും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്;

(ബി) ഓരോ തവണ വർദ്ധിപ്പിച്ച നിരക്കുകളും ചുമത്തിയ സർ ചാർജ്ജും എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) അവസാനമായി വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചത് എന്നാണ്?

ഉത്തരം

(എ) മൂന്നു തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ നാലു തവണ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് ഏർപ്പെടുത്തുകയുണ്ടായി.

(ബി) വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവും ഓരോ പ്രാവശ്യവും ചുമത്തിയ സർചാർജ്ജിന്റെ വിശദാംശങ്ങളും അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-8-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16-8-2014 മുതലാണ് സംസ്ഥാനത്ത്, അവസാനമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്.

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

73(440) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നു പറയാമോ ; ഓരോ തവണയും വർദ്ധിപ്പിച്ചത് എത്ര വീതമാണെന്ന് പറയാമോ ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ നിന്നും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്രകാരം ഒഴിവാക്കപ്പെടുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് പറയാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുമ്പ് നിലനിന്നിരുന്നതുപോലെ കടിൽജ്യോതിപോലുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ സൗജന്യ വൈദ്യുതിയ്ക്ക് അർഹതയുള്ള എത്രയാളുകൾ കേരളത്തിലുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൂന്ന് തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

(ബി) ഉണ്ട്. 1-7-2012 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും, വർദ്ധിപ്പിച്ച കറന്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിരുന്നു. കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജ് ഒടുക്കുന്നതിൽനിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം തുടർന്നും നൽകി വരുന്നുണ്ട്. ഗാർഹിക ഉപഭോക്താക്കളിൽ താഴ്ന്ന വരുമാനക്കാരെയും ഇടത്തരം വരുമാനക്കാരുടെയും, വൈദ്യുതി ചാർജ്ജിൽ കാര്യമായ വർദ്ധനവില്ലാതെ ജീവിത ചെലവുകൾ പിടിച്ചുനിർത്തുന്നതിനു വേണ്ടിയാണ് ഗവൺമെന്റ് ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകിവരുന്നത്.

അടിസ്ഥാന മേഖലയായ കാർഷിക ഉൽപ്പാദനത്തിന് സഹായകരമെന്ന നിലയിലാണ്, ഈ മേഖലയിൽ വൈദ്യുതി ചാർജ്ജിൻമേൽ സബ്സിഡി നൽകി വരുന്നത്.

(സി) കടിൽജ്യോതി വൈദ്യുതി കണക്ഷൻ നിലവിൽ നൽകി വരുന്നില്ല.

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

74 (441) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഓരോ വിഭാഗത്തിലേയും ഉപഭോക്താക്കൾക്ക് എത്ര രൂപ വീതം വർദ്ധനവ് വരുത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly